# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 258** — **28/05/2019-ൽ മറുപടിക്ക്**

## ചെള്ള് പനി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| **എ)** | വയനാട്ടിൽ ചെള്ള് പനി വ്യാപിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **ബി)** | ജില്ലയിൽ ഈ വർഷം ഇതുവരെ എത്രപേർക്ക് ചെള്ള് പനി ബാധിച്ചുവെന്നും എത്രപേർ മരണപ്പെട്ടുവെന്നും വ്യക്തമാക്കാമോ; | **ബി)** | വയനാട് ജില്ലയിൽ ഈ വർഷം 51 പേർക്ക് ചെള്ളുപനി ബാധിക്കുകയുണ്ടായി. അതിൽ രണ്ടുപേർ ഈ രോഗത്താൽ മരണപ്പെട്ടു. |
| **സി)** | ചെള്ള് പനി ബാധിത പ്രദേശങ്ങളിൽ പനി പടരാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | **സി)** | സംസ്ഥാന എന്റമോളജി സംഘവും ജില്ലാതല ദ്രുതകർമ്മസേനയും ചെള്ളുപനി (സ്ക്രബ് ടൈഫസ്) ബാധിത പ്രദേശങ്ങൾ സന്ദർശിച്ച് വേണ്ട പ്രതിരോധ നിയന്ത്രണ പരിപാടികൾ ഊർജ്ജിതപ്പെടുത്തി. രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും ട്രൈബൽ കോളനികളിലും പനി സർവ്വേ നടത്തുകയും രോഗം സംശയിച്ചവർക്ക് ഡോക്സിസൈക്ലിൻ മരുന്ന് നൽകുകയും ചെയ്തു. രോഗം സംശയിച്ചവരുടെ രക്തസാമ്പിളുകൾ പരിശോധനയ്ക്കയച്ചു. രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സ നൽകി. ബിറ്റ് നോട്ടീസുകൾ, പോസ്റ്ററുകൾ തുടങ്ങിയവ തയ്യാറാക്കി. തേയില/കാപ്പിത്തോട്ടങ്ങളിലും കൃഷി സ്ഥലങ്ങളിലും, വനത്തിലും ജോലി ചെയ്യുന്നവർക്ക് രോഗപ്രതിരോധത്തെപ്പറ്റി ബോധവത്കരണം നടത്തി. രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ ചെള്ളുപനി പരത്തുന്ന മൈറ്റുകളെ (ചിഗ്ഗർമൈറ്റുകൾ) അകറ്റുന്നതിനുള്ള ലേപനങ്ങൾ ആരോഗ്യപ്രവർത്തകർക്ക് വിതരണം ചെയ്തു. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് മൈറ്റുകളുടെ നിരീക്ഷണം നടത്തുകയും മൈറ്റ്(ചെള്ള്) നിയന്ത്രണത്തിന് സിന്തറ്റിക് പൈറിത്രോയ്ഡ് വിതറുകയും ചെയ്തു. എലിനശീകരണം പഞ്ചായത്ത് കൃഷിവകുപ്പുമായി ബന്ധപ്പെട്ട് നടത്തിവരുന്നു. ചെള്ളുപനി കൂടുതലായി റിപ്പോർട്ട് ചെയ്ത |

പൂതാടി കുടുംബാരോഗ്യകേന്ദ്ര പരിധി പ്രദേശത്ത് ജില്ലാതല ദ്രുതകർമ്മസേന സന്ദർശിച്ച് മെഡിക്കൽ ക്യാംപ് ഉൾപ്പെടെയുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടത്തി. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി രോഗബാധിതരുടെ എണ്ണം കുറച്ചുകൊണ്ടുവരുവാൻ സാധിച്ചു.

**സെക്ഷൻ ഓഫീസർ**